**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 656** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. ഫൈസൽ ബാബു

ശ്രീ. പി. കെ. നവാസ്

ശ്രീ. കുറുക്കോളി മൊയ്തീൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക നൽകി വരുന്ന സ്കോളർഷിപ്പ് ഇനത്തിൽ മുൻ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** **<u>പട്ടികജാതി</u>**

പട്ടികജാതി വിദ്യാർത്ഥികൾക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ കുടിശ്ശികയില്ല. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾക്ക് ജില്ല പട്ടികജാതി വികസന ഓഫീസറുടെ അപ്രൂവൽ ലഭിക്കുന്ന മുറയ്ക്കാണ് സ്കോളർഷിപ്പ് വിതരണം നടത്തുന്നത്. അപ്രകാരം 2025-26 സാമ്പത്തിക വർഷത്തെ ക്ലെയിമുകളിൽ അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയക്കനുസരിച്ച് തുക വിതരണം നടത്തിയിട്ടുണ്ട്. 29.01.2026 വരെ അപ്രൂവൽ ലഭിച്ച എല്ലാ സ്കോളർഷിപ്പ് ക്ലെയിമുകൾക്കും തുക വിതരണം ചെയ്തിട്ടുണ്ട്. ആയതിന ശേഷം ഫണ്ടിന്റെ ലഭ്യതയക്കനുസരിച്ച് അനുവദിക്കാൻ കഴിയുന്ന ക്ലെയിമുകൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം ലഭ്യമായ ഫണ്ട് പൂർണമായും വിനിയോഗിച്ച ശേഷം 31.03.2026 ൽ ജനറേറ്റ്

ചെയ്ത ഇ-ഗ്രാന്റ്സ് ബില്ല് പ്രകാരം 111.5 കോടി രൂപയുടെ സ്കോളർഷിപ്പ് ക്ലെയിമുകൾ അനുവദിക്കാൻ ശേഷിച്ചിരുന്നു.

**<u>പട്ടികവർഗ്ഗം</u>**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണ പദ്ധതി ഇ-ഗ്രാന്റ്സ് പോർട്ടൽ 3.0 യിലൂടെ വിതരണം ചെയ്തു വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടും ആധാറും തമ്മിൽ ബന്ധിപ്പിക്കാത്തതിനാലും മറ്റ് ടെക്നിക്കൽ പ്രശ്നങ്ങൾ കാരണവും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ ശേഷിക്കുന്നുണ്ട്.

**<u>പ്രീമെട്രിക്ക് പഠനം</u>**

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുടിശ്ശിക ഇനത്തിൽ 80 ലക്ഷം രൂപ കൂടി അനുവദിക്കുവാനുണ്ട്.

കൂടാതെ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ് കേന്ദ്രമാനദണ്ഡങ്ങൾ (വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെ) പ്രകാരവും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നു. ടി ഇനത്തിൽ കുടിശ്ശികയായി 263.93 ലക്ഷം രൂപ കൂടി അനുവദിക്കുവാനുണ്ട്.

**<u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം</u>**

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ (വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെ) ഉൾപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുടിശ്ശിക ഇനത്തിൽ 829.51 ലക്ഷം രൂപയും, കേന്ദ്ര സർക്കാരിന്റെ പരിധിയിൽ വരാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 513.48 ലക്ഷം രൂപയും അനുവദിക്കേണ്ടതായിട്ടുണ്ട്.

മുൻ വർഷം സംസ്ഥാന സർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 630 ലക്ഷം കൂടാതെ 3500 ലക്ഷം രൂപ അധികമായി അനുവദിച്ചതും ചേർത്ത് ആകെ 4130 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 4058 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**<u>പിന്നാക്ക വിഭാഗം</u>**

പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി പ്രകാരം 2024-25 അധ്യയന വർഷം വരെ ലഭ്യമായ ക്ലെയിമുകൾ പൂർണ്ണമായും, 2025-26 വർഷത്തെ ഭാഗീഗമായും വിതരണം ചെയ്തിരുന്നു. സാങ്കേതിക തകരാറുകളാൽ ക്ലെയിമുകൾ വൈകി സമർപ്പിക്കുന്ന ഘട്ടങ്ങളിൽ തുടർ വർഷങ്ങളിലെ ബജറ്റ് തുകയിൽ നിന്നും അനുവദിച്ച് വരുന്നുണ്ട്. നിലവിൽ 2025-26 അധ്യയന വർഷം വരെ ഇത്തരത്തിൽ ആകെ 234 കോടി രൂപ കുടിശ്ശിക വന്നിട്ടുണ്ട്. ടി തുക 2026-27 ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് വരുന്നുണ്ട്.

**(ബി)** പഠനകാലത്തു തന്നെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** **<u>പട്ടികജാതി</u>**

ഓരോ അധ്യയന വർഷത്തേയും സ്കോളർഷിപ്പ് ക്ലയിമുകൾക്ക് അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതക്കു വിധേയമായി അതത് വർഷങ്ങളിൽ തന്നെ തുക വിതരണം ചെയ്തു വരുന്നുണ്ട്. ഓരോ വർഷത്തേയും ബഡ്ജറ്റ് വിഹിതം അപര്യാപ്തമെങ്കിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക തുക സർക്കാരിൽ നിന്നും വകയിരുത്തി ലഭ്യമാക്കി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

**പട്ടികവർഗ്ഗം**

പരിഗണനയിലുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം കൂടുതൽ ഫലപ്രദമായി എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അധ്യയന വർഷം ആരംഭിച്ച് ആദ്യത്തെ രണ്ട് മാസത്തിനുള്ളിൽത്തന്നെ അപേക്ഷ സ്വികരിക്കുന്നതിനും പരിശോധനയും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**പിന്നാക്ക വിഭാഗം**

ബജറ്റിൽ നിലവിൽ ആകെ വകയിരുത്തുന്നത് 280 കോടി രൂപയാണ്. ഈ ഇനത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**(സി)** ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**മറുപടി: പട്ടികജാതി**

ഓരോ അധ്യയന വർഷത്തേയും സ്കോളർഷിപ്പ് അപേക്ഷകൾ യഥാസമയം ഫോർവേഡ് ചെയ്യുന്നതിനും അപ്രൂവൽ ചെയ്യുന്നതിനും സ്ഥാപന മേധാവിമാർക്കും ജില്ലാ ഓഫിസർമാർക്കും നിർദ്ദേശം നൽകി വരുകയും അപ്രൂവൽ ലഭിക്കുന്ന സ്കോളർഷിപ്പ് ക്ലെയിമുകൾ ഫണ്ട് ലഭ്യതക്കു വിധേയമായി അതത് വർഷങ്ങളിൽ തന്നെ വിതരണം ചെയ്തു വരികയും ചെയ്യുന്നു. ഓരോ വർഷത്തേയും ബഡ്ജറ്റ് വിഹിതം അപര്യാപ്തമെങ്കിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക തുക, വകയിരുത്തി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

**പട്ടികവർഗ്ഗം**

അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് കൃത്യമായ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ആധാർ സീഡഡ് ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നതെങ്കിലും ബാങ്ക് അക്കൗണ്ടും ആധാറും തമ്മിൽ ബന്ധിപ്പിക്കാത്തതിനാലും മറ്റ് ടെക്നിക്കൽ പ്രശ്നങ്ങൾ കാരണവും വിദ്യാർത്ഥികളുടെ അപേക്ഷകളിൽ ഉണ്ടാകുന്ന പിഴവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

കൂടാതെ സ്കോളർഷിപ്പ് അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് തന്നെ ബാങ്ക് അക്കൗണ്ടും ആധാറും സജീവമാണെന്ന് (Active) ഉറപ്പുവരുത്താൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പിന്നാക്ക വിഭാഗം**

ഓരോ അധ്യയന വർഷവും ആവശ്യമായ തുക അനുവദിക്കുന്നതിനും കുടിശ്ശിക ഒഴിവാക്കി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**